(ബി) 2013-14 സാമ്പത്തിക വർഷം കേന്ദ്ര നികുതി വിഹിതമായി പ്രതീക്ഷിച്ചത് 8143.79 കോടി രൂപയാണ്. ലഭിച്ച യഥാർത്ഥ വിഹിതം 7468.68 കോടി രൂപയാണ്. കേന്ദ്ര നികുതി വരുമാനത്തിൽ വന്ന കുറവ് കാരണമാണ് സംസ്ഥാന വിഹിതത്തിലും കുറവുണ്ടായത്.

(സി) വിവിധ വകുപ്പു തലവന്മാർക്ക് സാമ്പത്തികാധികാരം നൽകിയ 1-3-2013-ലെ ജി.ഒ. (പി) നമ്പർ 110/13/ധന ഉത്തരവിൽ വിവിധ ഇനം ചെലവുകൾ വഹിക്കുമ്പോൾ ശീർഷകത്തിൽ ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കേണ്ടതാണ് എന്നും നിലവിലുള്ള കോഡൽ പ്രൊവിഷൻ/സ്റ്റോർ പർച്ചേസ് റൂൾസ് എന്നിവ കർശനമായി പാലിക്കേണ്ടതാണ് എന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) വിവിധ പുകയില ഉൽപ്പന്നങ്ങൾ, മദ്യം, സ്വകാര്യ ആവശ്യത്തിന് ഉപയോഗിക്കുന്ന മോട്ടോർ വാഹനങ്ങൾ, പ്രൈവറ്റ് സർവ്വീസ് വാഹനങ്ങൾ, ഭൂ നികുതി, ക്രഷറുകൾ, ആഡംബര വസ്തുക്കൾ, പേപ്പർ ലോട്ടറികൾ, പ്ലാസ്റ്റിക് നിർമ്മിതമായ ഡിസ്പോസിബിൾ കപ്പുകൾ, പ്ലേറ്റുകൾ, പോളി പ്രൊപ്പലിന് ക്യാരിബാഗുകൾ തുടങ്ങിയ ഇനങ്ങളുടെ നികുതി നിരക്കുകളും വാറ്റിലെ പൊതു നിരക്കുകളും പരിഷ്കരിച്ചിട്ടുണ്ട്.

വാമനപുരം നിയോജക മണ്ഡലത്തിലെ വെഞ്ഞാറമ്മൂട്ടിൽ ടഷറി

158 (4149) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ വെഞ്ഞാറമ്മൂട്ടിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന വൺമാൻ ടഷറി നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്നാണ് ഇത് നിർത്തലാക്കിയത്; ആയതിനു കാരണമായ സാഹചര്യം വിശദമാക്കാമോ ;

(ബി) നിരവധി രോഗികളും വൃദ്ധരുമായ പെൻഷൻകാർക്ക് വളരെ ആശ്വാസകരമായിരുന്ന പ്രസ്തുത വൺമാൻ ടഷറി പുനഃസ്ഥാപിക്കുന്നതിനോ ഒരു പുതിയ സബ്ടഷറി സ്ഥാപിക്കുന്നതിനോ തയ്യാറാകുമോ?

ഉത്തരം

(എ) ഉണ്ട്. 24-8-2011-ലെ സ.ഉ. (സാധാ) നമ്പർ 6538/11/ധന പ്രകാരമാണ് വെഞ്ഞാറമ്മൂട് (നെല്ലനാട്) വൺമാൻ ടഷറി നിർത്തലാക്കിയത്. വൺമാൻ ടഷറികൾ പേര് സൂചിപ്പിക്കുന്ന രീതിയിൽ ഒരാൾ മാത്രം പ്രവർത്തിപ്പിക്കുന്ന കേന്ദ്രങ്ങൾ ആണ്. അക്കൗണ്ടന്റ് ജനറലിന്റെ നിർദ്ദേശ പ്രകാരം ഓരോ പെൻഷണറെയും ഒരു ടഷറിയുമായി ബന്ധപ്പെടുത്തിയാണ് പെൻഷൻ വിതരണവും മറ്റനുബന്ധകാര്യങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിൽ വരുത്തുന്നത്. ഓരോ പെൻഷണറുടേയും വിശദാംശങ്ങൾ അടങ്ങുന്ന ഡാറ്റാ ബേസ് അതതു ട്രഷറികളിൽ സ്ഥാപിച്ചിട്ടുള്ള സെർവറുകളിൽ മാത്രമാണ് ലഭ്യമായിട്ടുള്ളത്. എല്ലാ ട്രഷറികളും 'സ്റ്റാൻഡ് എലോൺ' മോഡിലാണ് നിലവിൽ പ്രവർത്തിക്കുന്നത്. പെൻഷനുകൾ പി.റ്റി.എസ്.ബി. മുഖേനയാക്കിയപ്പോൾ, പെൻഷനുകൾ മാസാവസാനം ബാച്ച് പ്രോസസ് ആയി പാസ്സാക്കി പി.റ്റി.എസ്.ബി. അക്കൗണ്ടിലേക്ക് മാറ്റുകയാണ് ചെയ്യുന്നത്. പി.റ്റി.എസ്.ബി. അക്കൗണ്ടുവഴി ചെക്ക് മുഖേന പെൻഷൻകാർക്ക് ഉക സൗകര്യപ്രദമായി പിൻവലിക്കാവുന്നതാണ്. 'സ്റ്റാൻഡ് എലോൺ' മോഡ് ആകയാൽ സബ് ട്രഷറികളിൽനിന്നും അകലെ സ്ഥിതി ചെയ്യുന്ന വൺമാൻ ട്രഷറികളിൽ അറ്റാച്ച്ഡ് ട്രഷറികളിലെ ഡാറ്റാബേസ് ലഭ്യമാക്കാൻ കഴിഞ്ഞിരുന്നില്ല. ഈ സാഹചര്യത്തിൽ, വൺമാൻ ട്രഷറികളിൽ ചെക്കുകൾ പ്രോസസ്സ് ചെയ്യാനും പാസ്സാക്കാനും കഴിയാതെ വന്നപ്പോൾ അവ നിർത്തലാക്കുകയുണ്ടായി.

(ബി) നെടുമങ്ങാട് സബ് ട്രഷറിയുമായി ബന്ധപ്പെട്ടുള്ള ജോലികളാണ് വെഞ്ഞാറമൂട് വൺമാൻ ട്രഷറിയിൽ നടത്തിയിരുന്നത്. എന്നാൽ ആ ജോലികളെല്ലാം തന്നെ നെടുമങ്ങാട് സബ് ട്രഷറിയിൽ ചെയ്യാമെന്നുള്ളതുകൊണ്ട് വെഞ്ഞാറമൂട്ടിൽ ഒരു ട്രഷറിയുടെ ആവശ്യം നിലവിൽ ഇല്ല.

കണ്ണൂർ ജില്ലയിൽ ചെറുപുഴ സബ് ട്രഷറിയിലെ അക്കൗണ്ടന്റ്, ട്രഷറർ തസ്തികകൾ

159 (4150). ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ ചെറുപുഴ സബ്ട്രഷറിയിൽ അക്കൗണ്ടന്റ് , ട്രഷറർ തസ്തികകൾ സൃഷ്ടിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ തസ്തിക സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ചെറുപുഴ സബ് ട്രഷറിയുടെ സുഗമമായ പ്രവർത്തനത്തിനായി 4 അക്കൗണ്ടന്റുമാരെ കാസർഗോഡ്, മട്ടന്നൂർ എന്നീ ജില്ലാ ട്രഷറികളിൽനിന്നും പുനർവിന്യാസംവഴി നിയമിച്ചിട്ടുണ്ട്.

(ബി) പുനർവിന്യാസം വഴി നിയമനം നടന്ന സാഹചര്യത്തിൽ അധിക തസ്തികകൾ സൃഷ്ടിക്കേണ്ട ആവശ്യം ഇപ്പോൾ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly